റോഡിലെ പാലത്തിനുവേണ്ടി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. അതിനും 5 ലക്ഷം രൂപയുടെ അഡീഷണൽ ആതറൈസേഷൻ ലഭിച്ചിട്ടുണ്ട്. രണ്ടു എസ്റ്റിമേറ്റിനും എത്രയും വേഗം എ.എസ്. ഉം എസ്.എസ് ഉം. നൽകി അതിന്റെ പണികൾ ആരംഭിക്കുന്നതാണ്.

(6) ചെങ്ങന്നൂർ അടൂർ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും കോഴ്സ് പൂർത്തിയാക്കിയ കുട്ടികൾക്ക് ഡെപ്പോസിറ്റു തുക തിരിച്ചുകൊടുക്കുന്നതു സംബന്ധിച്ച്

ശ്രീമതി ശോഭനാ ജോർജ്ജ് : സർ, ചെങ്ങന്നൂർ, അടൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിൽനിന്നും കോഴ്സുകൾ പൂർത്തിയാക്കി പുറത്തുവന്ന കുട്ടികളുടെ മാതാപിതാക്കളും ആ കുട്ടികളും വളരെ ബുദ്ധിമുട്ടിലാണ്. അവരിൽനിന്നും വാങ്ങിച്ച ഡെപ്പോസിറ്റു തുക ഇതുവരെ തിരിച്ചു കൊടുത്തിട്ടില്ല. 480 കുട്ടികളിൽനിന്ന് 480 ലക്ഷം രൂപയാണ് അഞ്ചുകൊല്ലത്തിനു മുമ്പ് സർക്കാർ ഡെപ്പോസിറ്റു തുകയായി വാങ്ങിയത്. കോഴ്സ് പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും ആ കാശ് തിരിച്ചു കൊടുത്തിട്ടില്ല. രക്ഷാകർത്താക്കളും വിദ്യാർത്ഥികളും കോളേജ് അധികൃതരോട് ഡെപ്പോസിറ്റു തിരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചെല്ലുമ്പോൾ ഞങ്ങളുടെ കൈയിൽ പൈസയില്ല, അതുകൊണ്ട് ഡെപ്പോസിറ്റു തുക തിരിച്ചു നൽകാൻ കഴിയില്ലെന്നാണ് പറയുന്നത്. പണമിടപാടു നടത്തി മനുഷ്യനെ ബുദ്ധിമുട്ടിലാക്കുന്ന ഒരു സ്വകാര്യസ്ഥാപനത്തെപ്പോലെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഈ രക്ഷിതാക്കളുടേയും കുട്ടികളുടേയും ബുദ്ധിമുട്ട് കണക്കിലെടുത്ത് അവരുടെ ഡെപ്പോസിറ്റു തുക തിരിച്ചു കൊടുക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഞാനും ബന്ധപ്പെട്ടവരോട് ഇക്കാര്യം സംസാരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അടിയന്തിര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ചെങ്ങന്നൂർ എൻജിനീയറിംഗ് കോളേജ് സ്ഥാപിച്ച് 1993-94- ലും അടൂർ എൻജിനീയറിംഗ് കോളേജ് സ്ഥാപിച്ചത് 1995-96 ലുമാണ്. 1996-97 വർഷത്തിൽ ഈ ഗവൺമെന്റ് നയപരമായ ഒരു തീരുമാനമെടുത്തു. തുടർന്ന് 1997-98 ലും നിക്ഷേപ തുക വാങ്ങിയിട്ടില്ല. 1996-97 വരെ മുഴുവൻ വിദ്യാർത്ഥികളിൽനിന്നും ഒരു ലക്ഷം രൂപ വച്ച് ഡെപ്പോസിറ്റു വാങ്ങിച്ചിരുന്നു. നാലു കൊല്ലം കഴിഞ്ഞ് അവർ കോഴ്സ് പൂർത്തിയാക്കി പോകുമ്പോൾ തിരിച്ചു കൊടുക്കണമെന്നതായിരുന്നു വ്യവസ്ഥ. പക്ഷേ ആ തുക കോളേജിന്റെ ഡെവലപ്മെന്റിനുവേണ്ടി ഉപയോഗിച്ചു. പുതുതായി അഡ്മിറ്റു ചെയ്യപ്പെടുന്ന കുട്ടികളിൽനിന്നും പിരിച്ചെടുക്കുന്ന തുക ഇവർക്കു കൊടുക്കുക എന്നുള്ളതായിരുന്നു സ്കീം. പുതുതായി ഡെപ്പോസിറ്റ് വാങ്ങേണ്ട എന്നു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, നേരത്തെ വാങ്ങിച്ച പണമെല്ലാം ഈ കോളേജുകളുടെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കാൻവേണ്ടി വിനിയോഗിക്കുകയാണുണ്ടായത്. ഇപ്പോൾ 434 കുട്ടികളാണ് പാസ്സാക്കിയിരിക്കുന്നത്. അവർക്ക് 1999-ൽ തന്നെ തുക കൊടുക്കേണ്ടതായിരുന്നു. ഈ വർഷം മുതൽ 50 ശതമാനം കുട്ടികളിൽനിന്ന് ഡെപ്പോസിറ്റ് വാങ്ങുന്നുണ്ട്. പക്ഷേ എന്നാലും ഇവർക്കു കൊടുക്കാനുള്ള തുക പര്യാപ്തമല്ല എന്നറിയാം. ഗവൺമെന്റിന്റെ നയപരമായ ഈ തീരുമാനം കൊണ്ടാണ്, ഇപ്പോൾ ഐ.എച്ച്.ആർ.ഡി ക്ക് ഫണ്ടില്ലാതെ പോകുന്നത്. ഐ.എച്ച്.ആർ.ഡി ഒരു സ്ഥാപനമെന്നുള്ള നിലക്ക് ഫണ്ട് റെയ്സ് ചെയ്യാൻ വേറെ മാർഗ്ഗമില്ല. അതുകൊണ്ട് ഐ.എച്ച്. ആർ.ഡി

LIBRARY ARCHIVES Kerala Legislative Assembly

ഈ കമിറ്റ്മെന്റിൽനിന്നും പുറകോട്ടു പോകില്ല. കുട്ടികൾക്ക് ഈ ഡെപ്പോസിറ്റു തുക കൊടുക്കണമെന്നുള്ള സ്റ്റാന്റിൽ തന്നെയാണ് നിൽക്കുന്നത്. അല്പം കാലതാമസമുണ്ടാകും. ധനകാര്യവകുപ്പുമന്ത്രിയുമായി ആ വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എത്രയും വേഗം തീരുമാനമെടുത്ത് കുട്ടികളുടെ ഈ തുക മടക്കി കൊടുക്കുന്നതാണ്.

(7) ബ്ളോക്ക് പഞ്ചായത്തുകൾക്ക് നൽകുന്ന ഗ്രാന്റ്

ശ്രീ. ടി.കെ. ബാലൻ : സർ, നമ്മുടെ പഞ്ചായത്തുകളിൽ ഭരണപരമായ ചില പ്രശ്നങ്ങൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് ബ്ളോക്ക് പഞ്ചായത്തിന്റെ ഭരണനിർവ്വഹണത്തിനുവേണ്ടി ഒരു വർഷത്തിൽ നാലു ലക്ഷം രൂപയാണ് നൽകുന്നത്. ഈ നാല് ലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്. അതുകൊണ്ട് ചില സ്ഥലത്തെ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ വകമാറി ചെലവഴിക്കാൻ തുടങ്ങി. സർക്കാരിൽനിന്നും കർശനമായ നിർദ്ദേശമുണ്ടായതിനാൽ അത്തരത്തിൽ വകമാറി ചെലവഴിക്കാനും സാധിച്ചിട്ടില്ല. ഇതിന്റെ ഭാഗമായി ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ ഇവർക്ക് അലവൻസ് ഇല്ല. ഇവിടത്തെ സ്റ്റാഫിന് ശമ്പളമില്ല. ജീപ്പ് ഓടാൻ വേണ്ട പെട്രോൾ വാങ്ങിക്കാൻ കാശ് ഇല്ല. ഫോൺ നിശ്ചലമാണ്. കാരണം ഫോണിന്റെ കാശടയ്ക്കാൻ നിർവ്വാഹമില്ല. കേരളത്തിലെ പൊതുവായ ഒരു ഇഷ്യൂവാണ് ഞാൻ പറയുന്നത്. ഇത് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി മാത്രമല്ല ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ബ്ളോക്ക് പഞ്ചായത്തിന് ഇന്ന് കൊടുക്കുന്ന നാലുലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്. അടിയന്തിരമായി ഈ തുക വർധിപ്പിച്ചുകൊണ്ട് ഇവരുടെ കുടിശ്ശിക കൊടുക്കാൻ പറ്റത്തക്കവിധം ഗ്രാന്റ് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നം വളരെ പ്രസക്തമായിട്ടുള്ളതാണ്. കഴിഞ്ഞ ഏതാനും മാസങ്ങളായി ജില്ലാ പഞ്ചായത്തിലും അതുപോലെതന്നെ ബ്ളോക്ക് പഞ്ചായത്തിലുമുള്ള മെമ്പർമാർ ഗ്രാന്റ് കിട്ടുന്നതിന്റെ അപര്യാപ്തത ചൂണ്ടിക്കാണിച്ചുകൊണ്ട് തുക വർധിപ്പിക്കണമെന്ന ആവശ്യം നിരന്തരം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഗൗരവം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ഉറപ്പും നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(8) മലപ്പുറം ജില്ലയിലെ കർഷകത്തൊഴിലാളി ക്ഷേമനിധി ഓഫീസിന്റെ ശോചനീയാവസ്ഥ

ശ്രീ. എൻ. കണ്ണൻ : സർ, മലപ്പുറം ജില്ലയിലെ കർഷകത്തൊഴിലാളി ക്ഷേമനിധി ഓഫീസിന്റെ പ്രശ്നങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. രണ്ടേകാൽ ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളുള്ള മലപ്പുറം ജില്ലയിൽ 30.11.99 ന് വരെ ഒരുലക്ഷത്തി ആറായിരത്തി അൻപത്തിയേഴോളം വരുന്ന തൊഴിലാളികൾ രജിസ്ട്രേഷൻ നടത്തി. എന്നാൽ ക്ഷേമനിധിയിൽ പറഞ്ഞിട്ടുള്ള മുഴുവൻ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കു

LIBRARY ARCHIVES Kerala Legislative Assembly